**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 25** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>നെല്ല് സംഭരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീമതി ഫാത്തിമ തഹിലിയ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ഫൈസൽ ബാബു

ശ്രീ. പാറക്കൽ അബ്ദുല്ല

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വഴി സംഭരിക്കുന്ന നെല്ലിന്റെ വില പി.ആർ.എസ്. വായ്പയല്ലാതെ നേരിട്ട് നൽകുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** 2017 മുതൽ സർക്കാർ നെല്ലിന്റെ വില PRS വായ്പ പദ്ധതിയിലൂടെയാണ് നല്കിവരുന്നത്. എന്നാൽ ചികിത്സ, വിവാഹം, വിദ്യാഭ്യാസം, മരണാനന്തര ആനുകൂല്യങ്ങൾ എന്നീ ആവശ്യങ്ങൾക്കും, 70 വയസ്സിനു മുകളിലുള്ള കർഷകർക്കും, കൂടാതെ മറ്റ് അടിയന്തര സാഹചര്യങ്ങളിലും ***(സിബിൽ സ്കോർ ഇല്ലാത്തതിനാൽ ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കാത്തവർ, KYC അപ്ഡേഷൻ നടത്തുവാൻ കഴിയാത്തതിനാൽ ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കാത്തവർ എന്നിവർക്ക്)*** കർഷകർക്ക് നേരിട്ട് നെല്ലിന്റെ വില നൽകാറുണ്ട്. നെല്ലിന്റെ വില പി.ആർ.എസ്. വായ്പ ആയി അനുവദിക്കാതെ നെല്ല് സംഭരിച്ച ഉടൻ കർഷകർക്ക് തുക അനുവദിക്കുന്നത് ഉറപ്പു വരുത്തുന്നതിനായി നബാർഡ് (NABARD) ധനസഹായം/ഫണ്ട് ഉപയോഗിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

**(ബി)** കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പണം നൽകുന്നതിനാവശ്യമായ തുക കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** 2026-27 സീസണിൽ ഏകദേശം 6 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ, കർഷകർക്ക് നെല്ലിന്റെ വിലയായി നൽകേണ്ട തുക താഴെപ്പറയും പ്രകാരം കണക്കാക്കിയിട്ടുണ്ട് : -

താങ്ങുവില (എം.എസ്.പി) -

₹24.41/Kg (Common)

₹24.61/Kg (Grade A)

***(2026-27 സീസണിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവില- അനുബന്ധം I)***

സംസ്ഥാന പ്രോത്സാഹന ബോണസ് (എസ്.ഐ.ബി) - ₹6.31/Kg

(25-26 സീസണിലേക്ക്)

***(2026-27 സീസണിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവിലയായ 24.41 രൂപയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പ്രോത്സാഹന ബോണസ് (എസ്.ഐ.ബി) നിശ്ചയിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു)***

കൈകാര്യച്ചിലവ് - ₹0.12/Kg

ആകെ നിരക്ക് - ₹30.84/Kg

അതിനാൽ, പ്രതീക്ഷിക്കുന്ന നെല്ല് സംഭരണത്തിന്റെ ആകെ മൂല്യം = 6LMT X ₹30.84 = ₹1,850.40 കോടി

പ്രസ്തുത തുകയുടെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നെല്ലിന്റെ വില നേരിട്ട് നൽകുന്നതിനാവശ്യമായ ധനസഹായം ഏകദേശം ₹1,850.40 കോടി ആയി കണക്കാക്കിയിട്ടുണ്ട്.

**(സി)** പ്രസ്തുത തുക എപ്രകാരം കണ്ടെത്താനാണ് ശ്രമിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഭാരതീയ സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നീ ബാങ്കുകൾ വഴിയുള്ള പി.ആർ.എസ്. വായ്പ വഴിയാണ് നിലവിൽ ഈ തുക കണ്ടെത്തുന്നത്.

പി.ആർ.എസ്. വായ്പയ്ക്ക് പകരം നെല്ല് സംഭരിച്ച ഉടൻ കർഷകർക്ക് തുക അനുവദിക്കുന്നത് ഉറപ്പു വരുത്തുന്നതിനായി നബാർഡ് ഫണ്ട് ഉപയോഗിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

**(ഡി)** കേന്ദ്ര സർക്കാരിൽ നിന്നുമുള്ള താങ്ങുവില ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** സമയബന്ധിതമായി ഓഡിറ്റ് നടപടികൾ പൂർത്തീകരിക്കുന്നതിനും, Provisional Claim, Advance Claim എന്നിവ ത്രൈമാസാടിസ്ഥാനത്തിൽ SCAN Portal വഴി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുമുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

മുൻ വർഷങ്ങളിലെ കുടിശിക ക്ലെയിമുകൾ സമർപ്പിക്കുന്നതിനായി SCAN Portal ൽ Supplementary Claim Module ലഭ്യമാക്കിയതിനെ തുടർന്ന് സപ്ലൈകോ സമയബന്ധിതമായി ക്ലെയിമുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിലെ Supplementary Claim ഇനത്തിൽ ഈ വർഷം 117.29 കോടി രൂപ ലഭിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിലെ Supplementary Claim ഇനത്തിൽ Rs 155.52 കോടിയും ലഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**